DESPATCHED
On. 16/4/22.

31/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 602*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3157**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. എ.കെ.കരീം,**
**ആല്ല്യാമക്കാനകത്ത് വീട്,**
**പൊന്നാനി സൗത്ത് പി.ഒ.,**
**പോലീസ് സ്റ്റേഷനു സമീപം,**
**മലപ്പുറം ജില്ല.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം,**
   **(എൽ.ആർ.എം.), തിരൂർ.**

2. **അപ്പീൽ അധികാരി&**
   **സ്പെഷ്യൽ തഹസിൽദാർ(ഭൂപരിഷ്ക്കരണം),**
   **സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം,**
   **തിരൂർ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.01.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | - |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03.03.2014 |
| ഹിയറിംഗ് നടന്ന തീയതി | 01.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ.കരീം, 20.08.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 21.08.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.602(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 13.11.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 07.10.2013ന് ആല്യമക്കാനകത്ത് ബീവാത്തു എന്നവർ അവരുടെ കൈവശത്തിലുള്ള 2.3 സെന്റ് ഭൂമിയുടെ പൊന്നാനിയിൽ ലാന്റ് ട്രൈബ്യൂണൽ ഓഫീസറായിരുന്ന കാലത്ത് OA 27/90 -ാം നമ്പറായി രജിസ്റ്റർ ചെയ്തതും തുടർ നടപടിയിലൂടെ ട്രൈബ്യൂണൽ തഹസിൽദാർ അനുവദിച്ചു നൽകിയതുമായ പട്ടയം കൈവശം വന്നുപോയിട്ടുണ്ടെന്നും ടി പട്ടയത്തിന്റെ ഒരു പകർപ്പ് അനുവദിച്ച് നൽകണമെന്നും കാണിച്ചുകൊണ്ട് മേൽപ്പടി ബീവാത്തു എന്നവർ 07.10.2013ന് നൽകിയ അപേക്ഷ 06.10.2013ന് പ്രസ്തുത ഓഫീസിൽ കൈപ്പറ്റിയതുമായ അപേക്ഷയുടെ മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും ഇതുവരെയും ഒരു നടപടിയും ബീവാത്തു എന്നവരുടെ 07.10.2013ലെ അപേക്ഷയുടെ മേൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല എങ്കിൽ കാരണമെന്താണെന്നും കളഞ്ഞുപോയ ആധാരത്തിന്റെ പകർപ്പ് നൽകാൻ നിയമപരമായി കഴിയാത്തതെന്തുകൊണ്ടാണെന്നും തുടങ്ങി ചില വിവരങ്ങളാണ്. ആയതിന് 17.12.2013ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രീമതി ബീവാത്തു, ആല്യാമാക്കാനത്ത്, പൊന്നാനി എന്നവരുടെ പേരിൽ പൊന്നാനി ലാന്റ് ട്രൈബ്യൂണലിൽ നിന്നും OA 27/90 -ാം നമ്പർ ഫയൽ

പരിശോധിച്ചിരുന്നുവെന്നും എന്നാൽ മേൽപ്പറഞ്ഞ ഫയൽ ചിതൽ അരിച്ച് നശിച്ചുപോയിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ ശ്രീമതി ബീവാത്തു ആവശ്യപ്പെട്ടിരുന്നതുപോലെ പകർപ്പ് നൽകാൻ കഴിയുകയില്ല എന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിനെ തുടർന്ന് 18.01.2014ന് നൽകിയ കത്തിൽ ഹർജിക്കാരന്റെ അപ്പീൽ ഹർജി പരിശോധിച്ചതിൽ ടിയാനെ നേരിൽ കേൾക്കുന്നതിന് 24.01.2014ന് തീയതി രാവിലെ 10 മണിക്ക് ഹാജരാകണമെന്നാണ് അറിയിച്ചത്. 28.01.2014ന് അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ രേഖപ്പെടുത്തിയിരുന്നത്, പൊന്നാനി ലാന്റ് ട്രൈബ്യൂണലിന്റെ ഒ.എ.27/90-ാം നമ്പർ കേസിൽ അനുവദിച്ച പട്ടയ പകർപ്പ് ലഭിക്കുന്നതിനായി ശ്രീമതി ബീപാത്തു, ഡി/ഒ മുഹമ്മദ് എന്നവർ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടിയും പ്രസ്തുത പട്ടയത്തിന്റെ പകർപ്പും അനുബന്ധ വിവരങ്ങളും ലഭ്യമാക്കുന്നതിന് ശ്രീ.എ.കെ.കരീം എന്നവർ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത അപ്പീൽ പരിഗണനയ്ക്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ ചിതലരിച്ച് നശിച്ചതായി കാണുന്നുവെന്നും ചിതലരിച്ചു പോയതുകൊണ്ട് പകർപ്പ് നൽകാൻ നിർവ്വാഹമില്ലെന്ന വിവരം ഹർജിക്കാരനെ അറിയിച്ചതായും കാണുന്നുവെന്നാണ്. ബന്ധപ്പെട്ട ഫയൽ തെരഞ്ഞെടുക്കുന്നതിന് ഹർജിക്കാരനേയോ ടിയാൻ ചുമതലപ്പെടുത്തുന്ന ആളെയോ അനുവദിക്കണമെന്ന് അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നുവെന്നും ബന്ധപ്പെട്ട ഫയൽ തെരഞ്ഞ് കണ്ടെത്തി ശരിയായ വിവരമാണ് വിവരാകാശ ഓഫീസർ നൽകിയിട്ടുള്ളതെന്നും എന്നിരുന്നാലും അപ്പീൽ തീർപ്പു കൽപ്പിക്കുന്നതിന്റെ ഭാഗമായി 24.01.2014ന് രാവിലെ 10 മണിക്ക് അപ്പീൽ അധികാരി മുമ്പാകെ ഹാജരാകുന്നതിന് ഹർജിക്കാരന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടി ദിവസം ഉച്ചയ്ക്ക് 3 മണിക്കാണ് ടിയാൻ ഹാജരായതെന്നും താൻ നോട്ടീസ് പ്രകാരം വന്നതല്ലെന്നും നോട്ടീസ് നൽകാൻ അധികാരമില്ലെന്നും അറിയിക്കുകയും അപ്പീൽ ഹർജിയിന്മേൽ തീരുമാനം എടുക്കുന്നതിനു മുമ്പായി ഹർജിക്കാരനെ നേരിൽ കേൾക്കുന്നത് ഉചിതമാവുമെന്ന് ബോധ്യമുള്ളതിനാലാണ് ഹർജിക്കാരന് നോട്ടീസ്

അയച്ചതെന്നുമാണ്. വിചാരണയ്ക്ക് ഒരാളെക്കൂടി ഒപ്പം ഇരുത്തണമെന്നു ഹർജിക്കാരൻ അനുമതി തേടിയതനുസരിച്ച് ആയത് അനുവദിക്കുകയും ചിതലരിച്ച ഫയൽ കാണിച്ച് കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തു. ഫയലുകൾ ചിതലരിച്ചുവെന്ന എസ്.പി.ഐ.ഒ.യുടെ പ്രസ്താവന അവിശ്വസനീയമാണെന്നും 1990ലെ ഫയൽ മാത്രം ചിതലരിച്ചു പോകാൻ സാധ്യതയില്ലെന്നും ഫയൽ തെരഞ്ഞെടുക്കുന്നതിൽ നിന്ന് രക്ഷപ്പെടാനാണ് എസ്.പി.ഐ.ഒ. ഇത്തരത്തിൽ മറുപടി നൽകിയതെന്നും വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷകൾക്ക് ഒഴുക്കൻ മട്ടിൽ മറുപടി നൽകുന്നുവെന്നും ടി ഓഫീസിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന കൈക്കൂലി നൽകിയാൽ ഏതു വർഷത്തെയും ഫയലുകൾ തെരഞ്ഞെടുക്കുമെന്നും മറ്റുമുള്ള പരാമർശങ്ങളും ആക്ഷേപങ്ങളും നിലനിൽക്കുന്നതല്ലെന്നും ഫയൽ നേരിട്ട് കണ്ടതിൽ നിന്നും ഹർജിക്കാരന് ബോധ്യമായിട്ടുണ്ടെന്നു കരുതുന്നുവെന്നുമാണ്. സാധാരണഗതിയിലുള്ള അപേക്ഷയിൽ പകർപ്പ് നൽകുന്ന തരത്തിൽ നൽകാൻ സാധിക്കാത്ത വിധം നശിച്ചുപോയ രേഖയുടെ പകർപ്പ് ഹർജിക്കാരന് അനുവദിക്കാൻ നിർവ്വാഹമില്ലെന്നു കാണുന്നുവെന്നും എങ്കിലും ഹർജിക്കാരന് ലഭ്യമായ ഫയലിൽ നിന്ന് ഇതു സംബന്ധിച്ച് നൽകാൻ കഴിയുന്നത്ര വിവരങ്ങൾ ലഭ്യമാക്കാൻ ഒന്നുകൂടി പരിശോധിക്കുകയും അപ്രകാരം ലഭിക്കാൻ സാധ്യതയില്ലെങ്കിൽ പ്രസ്തുത വിവരവും ഹർജിക്കാരനെ വിവരാവകാശ ഓഫീസർ 15 ദിവസത്തിനകം അറിയിക്കണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പട്ടയത്തിന്റെ പകർപ്പ് നൽകണമെന്നും അല്ലെങ്കിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഡീഡ് ഓഫ് അസൈൻമെന്റ് റിക്രീയേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ എതിർകക്ഷിയ്ക്ക്

നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/